ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.10.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. സ്വിസ് പ്രസിഡൻറ് ഗൈ പാർമെലിന്റെ മൂന്ന് ദിവസത്തെ ഔദ്യോഗിക ഇന്ത്യാ സന്ദർശനത്തിന് ഇന്ന് തുടക്കം. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും രാഷ്ട്രപതി ദ്രൗപദി മുർമുവുമായും കൂടിക്കാഴ്ച നടത്തും.

   **Swiss President Guy Parmelin Begins Three-Day Official Visit to India; Swiss President will meet Prime Minister Narendra Modi and President Droupadi Murmu.**

2. ഇന്ത്യ - കാനഡ നിർദ്ദിഷ്ട സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിനായുള്ള അഞ്ചാം ഘട്ട ചർച്ചകൾ ഇന്ന് ഒട്ടാവയിൽ ആരംഭിക്കും.

   **Fifth Round of India-Canada CEPA Talks To Begin in Ottawa Today.**

3. 17-ാമത് പെൻഷൻ അദാലത്ത് ഇന്ന് ന്യൂഡൽഹിയിൽ. കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് അധ്യക്ഷനാകും.

   **Union Minister Jitendra Singh will preside over the 17th Pension Adalat in New Delhi today.**

4. **കേരളത്തിൽ മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള ഷീ സ്കൂട്ടറുകളുടെ വിതരണോദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് തിരുവനന്തപുരത്ത് നിർവ്വഹിക്കും.**

   **Kerala CM V D Satheesan to Inaugurate Distribution of She Scooters to Women Fish Workers in Thiruvananthapuram Today.**

5. **അമേരിക്ക തങ്ങളുടെ ഏഴ് നിബന്ധനകൾ അംഗീകരിക്കുന്നത് വരെ ഹോർമുസ് കടലിടുക്ക് അടച്ചിടുമെന്ന് ഇറാൻ; മിസൈലുകളുടെ ദൂര പരിധി വർദ്ധിപ്പിക്കാനും പദ്ധതി.**

   **Iran says, Strait of Hormuz to remain closed untill US meets its seven conditions; Plans to expand range of missiles.**

6. **2026 ലെ ഏഷ്യൻ ഗെയിംസിന് ജപ്പാനിൽ സമാപനം; 21 സ്വർണ്ണമടക്കം 85 മെഡലുകളുമായി ഇന്ത്യ നാലാം സ്ഥാനത്ത്. 2030 ലെ ഗെയിംസ് ദോഹയിൽ.**

   **2026 Asian Games Conclude in Japan; India Finishes Fourth with 85 Medals, Including 21 Gold; 2030 Asian Games to Be Held in Doha.**

## PM – SWISS PREZ TALKS

സ്വിസ് പ്രസിഡൻറ് ഗൈ പാർമെലിന്റെ മൂന്ന് ദിവസത്തെ ഔദ്യോഗിക ഇന്ത്യാ സന്ദർശനത്തിന് ഇന്ന് തുടക്കം. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി സ്വിസ് പ്രസിഡൻറ് ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. വ്യാപാരം, നിക്ഷേപം, ശാസ്ത്രം, സാങ്കേതികവിദ്യ, നവീകരണം തുടങ്ങി വിവിധ

മേഖലകളിലെ ഉഭയകക്ഷി സഹകരണം ഇരു നേതാക്കളും വിലയിരുത്തും. വൈകുന്നേരം രാഷ്ട്രപതി ദ്രൗപദി മുർമുവുമായി കൂടിക്കാഴ്ച നടത്തുന്ന സ്വിസ് പ്രസിഡന്റ്, വിദേശകാര്യമന്ത്രി എസ് ജയശങ്കറിനെയും സന്ദർശിക്കും.

## INDIA – CANADA CEPA

ഇന്ത്യയും കാനഡയും തമ്മിൽ നിർദ്ദിഷ്ട സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിനായുള്ള അഞ്ചാം ഘട്ട ചർച്ചകൾ ഇന്ന് കാനഡയിലെ ഒട്ടാവയിൽ ആരംഭിക്കും. ഈ വർഷം അവസാനത്തോടെ വ്യാപാര കരാർ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ ഇരുരാജ്യങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ചർച്ച. 2024-25 സാമ്പത്തിക വർഷത്തിൽ ഇന്ത്യയും കാനഡയും തമ്മിലുള്ള ഉഭയകക്ഷി ചരക്ക് വ്യാപാരം 8.66 ബില്യൺ യുഎസ് ഡോളറിലെത്തിയിരുന്നു.

## JAISHANKAR RUSSIA (INTRO)

ഇന്ത്യയുടെ സുരക്ഷയും പ്രാദേശിക അഖണ്ഡതയും ഭീഷണിയിലായ ഘട്ടങ്ങളിലെല്ലാം ഇന്ത്യയ്ക്കൊപ്പം നിലകൊണ്ട രാജ്യമാണ് റഷ്യയെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ന്യൂഡൽഹിയിൽ 62-ാമത് മ്യൂണിക്ക് സുരക്ഷാ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. റഷ്യ-യുക്രെയ്ൻ സംഘർഷം ഉടൻ അവസാനിക്കണമെന്ന ഇന്ത്യയുടെ നിലപാട്

വിദേശകാര്യമന്ത്രി ആവർത്തിച്ചു. സംഘർഷങ്ങൾ അവസാനിപ്പിക്കുന്നതിന് ചർച്ചകളും നയതന്ത്ര ഇടപെടലുകളും ആവശ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

**(വോയ്സ്)**

**JITENDRA SINGH**

17-ാമത് പെൻഷൻ അദാലത്ത് ഇന്ന് ന്യൂഡൽഹിയിൽ നടക്കും. കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് അധ്യക്ഷനാകും. ദീർഘകാലമായി തീർപ്പാകാതെ കിടക്കുന്ന 897 പരാതികൾ അദാലത്തിൽ പരിഗണിക്കും. 2017-ലാണ് അദാലത്തുകൾക്ക് തുടക്കമിട്ടത്. ഇതുവരെ 20,676 പരാതികൾ പരിഹരിച്ചു.

**SUPERCOMPUTING MISSION**

സൂപ്പർകമ്പ്യൂട്ടിംഗ് രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ദേശീയ സൂപ്പർകമ്പ്യൂട്ടിംഗ് ദൗത്യത്തിന് കീഴിൽ, ഇന്ത്യ പ്രത്യേക ആവാസവ്യവസ്ഥ കെട്ടിപ്പടുത്തതായി കേന്ദ്രസർക്കാർ. സൂപ്പർകമ്പ്യൂട്ടറുകളുടെ രൂപകൽപ്പന, വികസനം, നിർമ്മാണം, സിസ്റ്റം സോഫ്റ്റ്‌വെയർ, പ്രത്യേക ആപ്ലിക്കേഷനുകൾ എന്നിവ ഉൾപ്പെടെയുള്ളവയിൽ ഈ നേട്ടം കൈവരിച്ചിട്ടുണ്ട്. രാജ്യത്തിൻറെ കമ്പ്യൂട്ടിംഗ് ശേഷി ശക്തിപ്പെടുത്തുന്നതിനായി ഏകദേശം 4,500 കോടി രൂപ ചെലവിൽ 2015 ഏപ്രിലിലാണ് ദൗത്യം ആരംഭിച്ചത്.

## SPECIAL PROGRAM - ARTICLE 370(INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ജനസേവനത്തിലൂടെ രാഷ്ട്രസേവനം എന്ന പ്രത്യേക പരമ്പരയിൽ, അനുച്ഛേദം 370 നെ കുറിച്ചാണ് ഇന്ന്.

*( വോയിസ്...)*

❁❁❁❁❁❁❁❁❁❁❁❁❁

## SPECIAL PROGRAM - ARTICLE 370(VOICE)

2019 ഓഗസ്റ്റ് 5-ന്, ആർട്ടിക്കിൾ 370 പ്രകാരം ജമ്മു-കശ്മീരിനു നൽകിയിരുന്ന പ്രത്യേക പദവി റദ്ദാക്കിക്കൊണ്ടുള്ള രാഷ്ട്രപതിയുടെ ഉത്തരവ് പുറപ്പെടുവിച്ചു. 2023 ഡിസംബറിൽ, സുപ്രീം കോടതി ഈ നടപടികളുടെ ഭരണഘടനാപരമായ സാധുത ശരിവയ്ക്കുകയും ആർട്ടിക്കിൾ 370 താൽക്കാലിക വ്യവസ്ഥയായിരുന്നുവെന്ന് വ്യക്തമാക്കുകയും ചെയ്തു. തുടർന്ന് 2024-ൽ മേഖലയിൽ നിയമസഭാ തിരഞ്ഞെടുപ്പുകൾ നടന്നു.ആർട്ടിക്കിൾ 370 റദ്ദാക്കിയതിനെത്തുടർന്ന് ജമ്മു-കശ്മീരിൽ സമാധാനവും സാധാരണ നിലയും തിരിച്ചെത്തിയതായാണ് വിലയിരുത്തൽ. ***ന്യൂസ്ഡെസ്ക് ആകാശവാണി....***

❁❁❁❁❁❁❁❁❁❁❁❁❁

## SONOWAL-CARGO VOYAGE

കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ഇന്ന് അസമിലെ ദിബ്രുഗഢിൽ നിന്ന് ആദ്യത്തെ അന്താരാഷ്ട്ര ചരക്ക് കപ്പൽ യാത്ര ഫ്ലാഗ് ഓഫ് ചെയ്യും. ബോഗിബീൽ ടെർമിനലിൽ രാവിലെ നടക്കുന്ന ചടങ്ങിൽ അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ ഓൺലൈനായി പങ്കെടുക്കും. അസം പെട്രോ-കെമിക്കൽസ് ലിമിറ്റഡിൽ നിന്നുള്ള മെഥനോളുമായി ബംഗ്ലാദേശിലെ ധാക്കയിലുള്ള പംഗോൺ തുറമുഖത്തേക്കാണ് യാത്ര.

❁❁❁❁❁❁❁❁❁❁❁❁❁

## SHE SCHOOTER

സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ പരിപാടിയുടെ ഭാഗമായി മത്സ്യത്തൊഴിലാളി വനിതാസംരംഭകരുടെ സംഗമവും ഷീ സ്കൂട്ടർ വിതരണവും ഇന്ന് നടക്കും. വിതരണോദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവ്വഹിക്കും. തിരുവനന്തപുരത്തെ വെള്ളയമ്പലം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി വി ഇ അബ്ദുൽ ഗഫൂർ അധ്യക്ഷനാകും.

❁❁❁❁❁❁❁❁❁❁❁❁❁

## IRAN - HORMUZ

ജൂണിലെ ഇടക്കാല കരാറിലെ ഏഴ് നിബന്ധനകൾ അമേരിക്ക അംഗീകരിക്കുന്നത് വരെ ഹോർമുസ് കടലിടുക്ക് അടച്ചിടുമെന്ന് ഇറാൻ; അമേരിക്കയുമായുള്ള സംഘർഷം രൂക്ഷമായതോടെ മിസൈലുകളുടെ ദൂരപരിധി

വർദ്ധിപ്പിക്കാനും പദ്ധതിയുണ്ടെന്ന് ഇറാനിയൻ സൈനിക വക്താവ് മുഹമ്മദ് അക്രാമിനിയ പറഞ്ഞു. എന്നാൽ, ഇറാനുമായുള്ള സംഘർഷം ഉടൻ അവസാനിക്കുമെന്നും, തുടർന്ന് എണ്ണവില കുത്തനെ കുറയുമെന്നും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് അവകാശപ്പെട്ടു.

## ASIAN GAMES

വർണ്ണാഭമായ സമാപനച്ചടങ്ങോടെ ജപ്പാനിലെ ഏഷ്യൻ ഗെയിംസിന് തിരശ്ശീല വീണു. 2030-ലെ ഗെയിംസിന് ആതിഥേയത്വം വഹിക്കുന്ന ദോഹയ്ക്ക് ഔദ്യോഗികമായി ദീപശിഖയും പതാകയും കൈമാറി. ഗെയിംസിൽ ഇരട്ടസ്വർണം നേടിയ ഇന്ത്യയുടെ ഷൂട്ടിംഗ് താരം നീരു ധണ്ഡ സമാപനച്ചടങ്ങിൽ ദേശീയ പതാകയേന്തി. മെഡൽ പട്ടികയിൽ ചൈന, ജപ്പാൻ, ദക്ഷിണ കൊറിയ എന്നീ രാജ്യങ്ങൾക്കാണ് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ. 21 സ്വർണ്ണവും 27 വെള്ളിയും 37 വെങ്കലവുമടക്കം 85 മെഡലുകൾ സ്വന്തമാക്കിയ ഇന്ത്യ നാലാം സ്ഥാനത്തെത്തി.

## SCHOOL SCIENCE FEST

പാലക്കാട് ഷൊർണ്ണൂരിൽ സമാപിച്ച സംസ്ഥാന ടെക്നിക്കൽ സ്കൂൾ ശാസ്ത്രമേളയിൽ 91 പോയിന്റ് നേടി മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂൾ കിരീട ജേതാക്കൾ. കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ 90 പോയിന്റോടെ രണ്ടാം സ്ഥാനം നേടി. 72

പോയിന്റ് വീതം ലഭിച്ച അടിമാലി ടെക്നിക്കൽ ഹൈസ്കൂളും കൊടുങ്ങല്ലൂർ ടെക്നിക്കൽ ഹൈസ്കൂളും മൂന്നാം സ്ഥാനം പങ്കിട്ടു.

## TOBACCO-FREE VILLAGE(INTRO)

കേരളത്തിലെ ആദ്യ പുകയില രഹിത ഗ്രാമമായി എറണാകുളം ജില്ലയിലെ കീഴ്മാടിനെ പ്രഖ്യാപിച്ചു. കീഴ്മാട് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ ബെന്നി ബഹനാൻ എം.പി. പ്രഖ്യാപനം നടത്തി.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി. നഹീമ.***

***(വോയിസ്)***

## RAIN KERALAM

കേരളത്തിൽ ചിലയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം.

## IMD WEATHER

കർണാടക, മാഹി, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിലും ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അടുത്ത രണ്ട് ദിവസത്തിനുള്ളിൽ മറാത്ത്വാഡ, വിദർഭ, മഹാരാഷ്ട്ര, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ നിന്നും തെക്കുപടിഞ്ഞാറൻ മൺസൂൺ പിൻവാങ്ങിയേക്കുമെന്നും സൂചനയുണ്ട്. ഉത്തരാഖണ്ഡ്, തെലങ്കാന, ലക്ഷദ്വീപ്, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ ഇന്ന് ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുള്ളതായും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

## UP-FLOOD RELIEF

ഉത്തർപ്രദേശിലെ ഗോമതി നദിയിൽ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ, രക്ഷാപ്രവർത്തനങ്ങൾ ഊർജിതമാക്കി ലഖ്നൗ ജില്ലാ ഭരണകൂടം. ലഖ്നൗ നഗരത്തിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളപ്പൊക്ക ഭീഷണി നേരിടുകയാണ്. മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ നിർദ്ദേശപ്രകാരം, ദുരിതബാധിതരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുകയും ബോട്ടുകൾ വഴി വീടുകളിലെത്തി ദുരിതാശ്വാസ കിറ്റുകൾ നൽകുകയും ചെയ്യുന്നുണ്ട്.

## CHINTAN SHIVIR

കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ ചിന്താശിബിരം ഇന്ന് ഗുജറാത്തിൽ. കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി നേതൃത്വം

നൽകും. രണ്ട് ദിവസം നീളുന്ന ശിബിരത്തിൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും വിവിധ ഏജൻസികളിലെയും പ്രതിനിധികൾ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PALLAT BRAHMADATHAN

കേരളത്തിലെ പ്രശസ്ത ഗജവീരൻ പല്ലാട്ട് ബ്രഹ്മദത്തൻ ഇടിമിന്നലേറ്റ് ചരിഞ്ഞു. കോട്ടയം പാലാ അമ്പാറയിലെ പല്ലാട്ട് വീട്ടിൽ വച്ചാണ് ആനയ്ക്ക് ഇടിമിന്നലേറ്റത്.

❁❁❁❁❁❁❁❁❁❁❁❁❁

## MINISTER K M SHAJI

മന്ത്രി കെ എം ഷാജി ഇന്ന് കാസർഗോഡ് ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. കാസർഗോഡ് മുൻസിപ്പൽ കോൺഫറൻസ് ഹാളിൽ നടക്കുന്ന ജില്ലാതല പട്ടയമേള മന്ത്രി ഉദ്ഘാടനം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

## WB-BY ELECTION

വിവിധ സംസ്ഥാനങ്ങളിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കും, അസമിലെ നഗാവ് ലോക്സഭാ മണ്ഡലത്തിലേക്കുമുള്ള ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് നാളെ. വോട്ടെണ്ണൽ വെള്ളിയാഴ്ച നടക്കും. തമിഴ്നാട്ടിലെ മധുരാന്തകം, ധാരാപുരം, പുതുച്ചേരിയിലെ തട്ടഞ്ചാവടി, പശ്ചിമ

ബംഗാളിലെ റെജിനഗർ, നന്ദിഗ്രാം എന്നിവയാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നിയമസഭാ മണ്ഡലങ്ങൾ.

❁❁❁❁❁❁❁❁❁❁❁❁❁

## WORLD TEACHERS DAY

ഇന്ന് ലോക അധ്യാപക ദിനം. അധ്യാപകരുടെ പദവി സംബന്ധിച്ച 1966-ലെ ILO-UNESCO ശുപാർശയുടെ 60 വർഷം അടയാളപ്പെടുത്തുന്നതാണ് ഈ ദിനം.

❁❁❁❁❁❁❁❁❁❁❁❁❁

## TRUMP-AI-TASK FORCE

നിർമിത ബുദ്ധിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 'സൂപ്പർ ഇന്റലിജൻസ് ഫോഴ്സ്' എന്ന പേരിൽ ദൗത്യ സേന രൂപീകരിക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. നാഷണൽ ഇന്റലിജൻസ് ഡയറക്ടർ ജേ ക്ലേട്ടൺ നയിക്കുന്ന സംഘത്തിൽ ഉന്നത ഉദ്യോഗസ്ഥരും ഉൾപ്പെടും. അമേരിക്കയെ മുൻനിരയിൽ നിലനിർത്താനുള്ള ഫെഡറൽ ശ്രമങ്ങൾക്ക് ദൗത്യ സേന മുതൽക്കൂട്ടാകുമെന്ന് ട്രംപ് പറഞ്ഞു.

आकाशवाणी